പതിന്നാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 5127 — 22/05/2017 ൽ മറുപടിയ്ക്ക്

# സർവ്വെ വകുപ്പിൽ നിലവിലുള്ള സർവ്വെ സൂപ്രണ്ട് തസ്തിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൽദോ എബ്രഹാം | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർവ്വെ വകുപ്പിൽ നിലവിലുള്ള സർവ്വെ സൂപ്രണ്ട് തസ്തികയുടെ എണ്ണവും, സർവ്വെ സൂപ്രണ്ടുമാരുടെ എണ്ണവും അറിയിക്കാമോ; | (എ) സർവ്വെ സൂപ്രണ്ട് തസ്തികകൾ 65<br>നിലവിലെ സൂപ്രണ്ടുമാരുടെ എണ്ണം 62<br>റിട്ടയർമെന്റ് ഒഴിവ് 3 |
| (ബി) സർവ്വെ സൂപ്രണ്ട് തസ്തികയിലുള്ള ഏതെങ്കിലും ജീവനക്കാർ വിദേശത്തോ, മറ്റ് സ്ഥലങ്ങളിൽ ജോലിക്രമീകരണ വ്യവസ്ഥയിലോ ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങളും അതിനുള്ള കാരണവും അറിയിക്കാമോ; | (ബി) ഉണ്ട്. മാനന്തവാടി റീസർവ്വേ സൂപ്രണ്ടായ ശ്രീ.അജിത്ത് കുമാർ.ആർ.ജി. എന്നയാളെ CBI യിലെ RC 04(E)/2014 നമ്പർ കേസ് അന്വേഷണത്തിനായി CBI യുടെ അഭ്യർത്ഥന പ്രകാരം നിയോഗിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത സ്ഥലങ്ങളിൽ സർവ്വെ സൂപ്രണ്ട്മാർക്ക പകരം ഫീൽഡ് ജീവനക്കാരെ നിയോഗിച്ച് സൂപ്രണ്ട്മാരുടെ സേവനം വകുപ്പിൽ ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) സർവ്വേ സൂപ്രണ്ടുമാരുടെ അഭാവത്തിൽ ടി ചുമതല ഫീൽഡ് ജിവനക്കാരായ ഹെഡ് സർവ്വെയർമാർക്ക് താൽക്കാലികമായി നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ